[Mr. C. V. Iyyu]

പ്പോട്ട്കളും പ്രസിദ്ധീകരിക്കണമെന്നതു് ഗവണ്മെണ്ടു് സമ്മതിച്ചിട്ടില്ല. അതുടനെ പ്രസിദ്ധീകരിക്കാൻ ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കാനാണു് ഞാൻ ഈ പ്രമേയം കൊണ്ടു് ഉദ്ദേശിക്കുന്നതു്. ഞാൻ ഈ പ്രമേയം ഇവിടെ ഔപചാരികമായി അവതരിപ്പിക്കുന്നു.

Mr. Ittierah Ambooken (*Mala*) I second the Resolution.

മിസ്റ്റർ കെ. അയ്യപ്പൻ: ഒരു കാര്യം പ്രത്യേകം പറയേണ്ടതുണ്ടു്. പെരിങ്ങൽകുത്തു പദ്ധതിയെ സംബന്ധിച്ചു പരാതികളെ പറ്റി അന്വേഷിച്ചു് റിപ്പോർട്ടു് ചെയ്യുവാൻ അങ്ങിനെ ഒരു ഉദ്യോഗസ്ഥന്റെ നിയമനം ഉണ്ടായിട്ടില്ല. സെക്കൻറ് റിസർവോയർ സർവ്വെ ക്ലിയറൻസിനെ (Second Reservoir Survey Clearance) പറ്റി അപേക്ഷപം വന്നപ്പോൾ അതിനെ സംബന്ധിച്ചു് അന്വേഷണം നടത്താൻ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. ആ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടു് ഗവണ്മെണ്ടിലെക്കു കിട്ടിയിട്ടുണ്ടു്. പക്ഷെ അതു് ഈ അസംബ്ലി തീരുന്നതിനു് മുമ്പു് ഇവിടെ അവതരിപ്പിക്കാൽ നിവൃത്തിയില്ല. അതു ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്. അതിന്മേലുള്ള ഗവണ്മെണ്ടിന്റെ ഉത്തരവു് പുറപ്പെടുവിച്ചതിനു ശേഷം എന്തെല്ലാം പ്രസിദ്ധീകരിക്കാൻ കഴിയുമോ അതൊക്കെ പ്രസിദ്ധീകരിക്കപ്പെടുന്നതാണു്. ജനങ്ങൾക്കു് ഒരു തെറ്റിദ്ധാരണയുണ്ടു്. പെരിങ്ങൽകുത്തു പദ്ധതിയെ സംബന്ധിച്ചു് പൊതുവെ ഒരന്വേഷണം നടത്തുന്നതിനു് ആളെ നിയമിച്ചിട്ടുണ്ടെന്നു്. എന്നാൽ അങ്ങിനെ ഒരാളെ നിയമിച്ചിട്ടില്ല.

മിസ്റ്റർ സി. വി. ഇയ്യു: പെരിങ്ങൽകുത്തു പദ്ധതിയെ സംബന്ധിച്ചു് പൊതുവെ അന്വേഷണം നടത്തിയെന്നു ഞൻ പറഞ്ഞിട്ടില്ല. അതിനെ സംബന്ധിച്ചു് ഉരു ഉദ്യോഗസ്ഥൻ നടത്തിയിട്ടുള്ള റിപ്പോർട്ടു് ഗവണ്മെണ്ടിലേക്കു കിട്ടിയിട്ടുണ്ടു്. ആ റിപ്പോർട്ടു് പ്രസിദ്ധീകരിക്കണമെന്നാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ആ റിപ്പോർട്ടു് പ്രസിദ്ധീകരിക്കപ്പെടുന്നതാണു്.

മിസ്റ്റർ സി. വി. ഇയ്യു: അതു എന്നേക്കാകും

മിസ്റ്റർ കെ. അയ്യപ്പൻ. അതിന്റെ താമസത്തിനുള്ള കാരണമെന്തെന്നാൽ മറ്റു മന്ത്രിമാക്കുടി അതൊന്നു് നോക്കാൻ സമയം വേണം. അതുകൊണ്ടു മാത്രമാണു്. അതുകൊണ്ടു് എപ്പോൾ പ്രസിദ്ധീകരിക്കപ്പെടുമെന്നു് പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഡൽഹിയിൽ പോയി വന്നാൽ ഉടനെതന്നെ അതു പ്രസിദ്ധീകരിക്കപ്പെടുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഒരു കാര്യം ഞാൻ തീച്ചപറയാം. അതു പ്രസിദ്ധികരിക്കാൻ ഏതായാലും താമസമുണ്ടാകയില്ല.

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട മന്ത്രിയുടെ വാശ്വാനമനുസരിച്ചു് ഞാൻ ഈ പ്രമേയം പിൻവലിക്കുന്നു.

Resolution, by leave, withdrawn.

Resolution No. 27 Not moved

RESOLUTION No. 28.

CONSTRUCTION OF SEPTIC TANK LATRINES

ഡോക്ടർ മിസ്സിസ് ടി. ഫ്രാൻസിസ്സു്: *This Assembly recommends to Government to construct a septic tank latrine in Municipal ward VIII in Ernakulam.*

സർ, മുനിസിപ്പാലിറ്റിയെ സംബന്ധിച്ച ഒരു കാര്യമാണെങ്കിലും മുനിസിപ്പാലിറ്റിയോടു് അപേക്ഷിച്ചിട്ടു് നടത്തിത്തരാത്തതുകൊണ്ടു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണു് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു്. സർ, ആ പ്രദേശത്തു് ഏതാണ്ടു് അമ്പതു്, എഴുപതുവീട്ടുകാർ തിങ്ങിത്താമസിക്കുന്നുണ്ടു്. അവിടെ ഒരു ലാട്രിൻ (Latrine) ഇല്ല. ഈ ആവശ്യത്തിനു് വേണ്ടി മേനകതീയേറ്റർ വരെ പോകേണ്ടി വരുന്നുണ്ടു്. കത്തോലിക്കചർച്ചിന്റെ അടുക്കലാണു്, ഈ വാർഡു്. ലട്രിനിൻ (Latrine) പോകുന്നതിനു് വേണ്ടി അവിടെ നിന്നു് മേനകാതിയേറ്റർ വരെ പോകണമെന്നു് വരുന്നതു വളരെ വിഷമമുള്ള കാര്യമാണു്. ഈ കാര്യത്തിൽ ഗവണ്മെണ്ടു് വേണ്ടതുചെയ്യണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു.

Mr. President:— The rule is that every resolution shall be seconded and if a resolution is not seconded it shall not be discussed. That is the reason why I waited sufficiently long

Resolution lost for want of a Seconder

LIBRARY ARCHIVES Kerala Legislative Assembly